# തോടുകളിലൂടെ തുഴയുമ്പോൾ

പി.എൻ. വേണുഗോപാൽ
പരിഭാഷ : പി.എൻ.ഗോപീകൃഷ്ണൻ

“തെങ്ങോലകളുടെ നിഴൽചിത്രങ്ങളും, ഓരത്തെ ദൈനംദിനജീവിതത്തിന്റെ തിളക്കവും, കണ്ണാടിപോലെയുള്ള നിശ്ചലതടാകങ്ങളും, വരച്ചുവെച്ച ചിത്രങ്ങളെപ്പോലുള്ള തടാകതീരങ്ങളും, മണൽനിറഞ്ഞ നീണ്ട സമുദ്രതീരങ്ങളും അനുഗ്രഹിച്ച ആലപ്പുഴയെ, ‘കിഴക്കിന്റെ വെനീസി’നെ, ‘ദൈവത്തിന്റെ സ്വന്തം നാട്ടി’ലെ കായൽ ടൂറിസത്തിന്റെ ലക്ഷ്യസ്ഥാനമാക്കിയിരിക്കുന്നു. കുലീനമായ ഹൗസ് ബോട്ടിൽ കയറിയുള്ള സവാരി കേരളത്തിന്റെ സ്ഥലസൗകുമാര്യത്തിന്റെ ഉത്തമനിദർശനമായ തെങ്ങിൻതോപ്പുകളുടെ അപൂർവ്വമായ കാഴ്ച പ്രദാനം ചെയ്യുന്നു.” നിങ്ങളുടെ ഇന്ത്യൻ സഞ്ചാരത്തിൽ കേരളത്തെ ഉൾപ്പെടുത്തുകയാണെങ്കിൽ, ആലപ്പുഴയെക്കുറിച്ച് അന്വേഷിച്ചാൽ മേൽ സൂചിപ്പിച്ചതോ, അതുപോലുള്ളതോ ആയ വാചകങ്ങളിലൂടെ നിങ്ങൾക്ക് കടന്നുപോകേണ്ടിവരും.



ആലപ്പുഴയെക്കുറിച്ചുള്ള ഈ അവകാശവാദങ്ങളൊന്നുംതന്നെ ഊതിവീർപ്പിച്ചതല്ല. കാറ്റിലാടുന്ന തെങ്ങോലകൾ തീർച്ചയായും ഹൃദയഹാരിയാണ്. ചുറ്റും കാണുന്ന പച്ചകൾ കണ്ണിന് കുളിർമ്മ തരുന്നതാണ്. നിലാവിന്റെ തണുപ്പിൽ ലോലമായിളകുന്ന ജലപ്പരപ്പ് തീർച്ചയായും നിങ്ങളുടെ ആത്മാവിൽ ശാന്തി നിറയ്ക്കും. അതല്ല, അതിരാവിലെ നിങ്ങളുടെ ഹൗസ്ബോട്ട് തോടുകളിലൂടെ നീങ്ങുന്നതെങ്കിൽ ഓരങ്ങളിൽ ചെറിയ ചെറിയ കുടിലുകളും വീടുകളും പുള്ളിയിട്ട വീടുകൾ ദൂരെനിന്നേ നിങ്ങൾക്കു കാണാം. ഒരിടത്ത് മുട്ടറ്റം വെള്ളത്തിൽ ഇറങ്ങിനിന്ന് ഒരു യുവതി വസ്ത്രങ്ങൾ അലക്കുന്നു. രണ്ടു കുഞ്ഞുങ്ങൾ ആ യുവതിയുടേതാകാം, വെള്ളത്തിൽ മുങ്ങിപ്പൊങ്ങുന്നു. താഴേയ്ക്ക് നിങ്ങൾ കൂടുതൽ തുഴയുമ്പോൾ, ഇതാ വിവാഹപ്രായമെത്തിയ ഒരു കൂട്ടം പെൺകിടാങ്ങൾ കടവുകളിൽ കുളിയ്ക്കുന്നു. എല്ലാം നിങ്ങൾക്ക് അപൂർവ്വമായ കാഴ്ചകൾ. എല്ലാ കാഴ്ചകളും വ്യത്യസ്തകൊണ്ട് നിങ്ങളുടെ ക്യാമറയിൽ നിറയാൻ പാകത്തിലുള്ളവ.

പക്ഷേ, തോടിനും നെൽപ്പാടത്തിനുമിടയ്ക്കുള്ള വീതികുറഞ്ഞ വരമ്പിൽ താമസിക്കുന്ന ജാനകി പറയുന്നത് ഇങ്ങനെയാണ്. “ഞാൻ പാത്രം കഴുകുകയായിരുന്നു. പെട്ടെന്ന് ഒരു വെളിച്ചം എന്റെ മുഖത്തടിച്ചു. നോക്കുമ്പോഴാണ് ഒരു ക്യാമറ എന്റെ നേർക്ക് തിരിയുന്നു. പിന്നിൽ പുഞ്ചിരിക്കുന്ന ഒരു മുഖവും വീശുന്ന കൈകളും. പക്ഷെ ആ പ്രവൃത്തി എനിക്കിഷ്ടപ്പെട്ടില്ല”. ഇതുതന്നെ കുളിക്കുമ്പോഴും സംഭവിച്ചു എന്നാണ് ജാനകി പറയാൻ തുനിയുന്നത്. കഴിഞ്ഞ പത്തുവർഷമായി തന്റെ ഭർത്താവിനും രണ്ടും കുഞ്ഞുങ്ങൾക്കുമൊപ്പം അവിടെത്താമസിക്കുന്ന ഒരു കർഷകത്തൊഴിലാളി സ്ത്രീയാണ് ജാനകി.

“എന്നെ കല്ല്യാണം കഴിച്ച കാലത്ത്, കനാലിൽ വളരെക്കുറച്ച് ബോട്ടുകളേ ഉണ്ടായിരുന്നുള്ളൂ. അതും നെഹ്റു ട്രോഫി വള്ളംകളിയുടെ സമയത്ത് മാത്രം. ഹൗസ് ബോട്ടുകൾ അന്നുണ്ടായിരുന്നില്ല. ‘സായിപ്പന്മാർ’ മുകളിലിരിന്നുപോകുന്ന ചില പ്രത്യേക വഞ്ചികൾ വല്ലപ്പോഴും പോകുമായിരുന്നു. അക്കാലത്ത് അവർ തന്റെ ഫോട്ടോ എടുക്കുന്നത് എനിക്കിഷ്ടമായിരുന്നു. വെള്ളക്കാരെക്കാണാൻ എനിക്കും ഒരു താൽപര്യമുണ്ടായിരുന്നു.” ജാനകി സമ്മതിക്കുന്നു. “പക്ഷെ, ഇപ്പോളതല്ല. ഹൗസ് ബോട്ടുകളുടെ ഒരു ജാഥയാണ് എന്നും ഇതിലൂടെ കടന്നുപോകുന്നത്.”

ശരിയാണ്. സായിപ്പന്മാരേയും മദാമ്മമാരേയും വച്ച് ദിവസവും അറുനൂറിൽപ്പരം ഹൗസ്ബോട്ടുകൾ ആലപ്പുഴയുടെ കായലിലൂടെയും കനാലുകളിലൂടെയും സഞ്ചരിക്കുന്നു. അയൽവാസികളും കോളേജ്കുമാരിയുമായ സ്റ്റെല്ല, ജാനകിയുടെ വാക്കുകളെ ശരിവയ്ക്കുന്നു. “ഇത് ഞങ്ങളുടെ സ്വകാര്യതയിലേയ്ക്കുള്ള കടന്നുകയറ്റമാണ്. ഞങ്ങൾക്ക് വളരെക്കുറച്ച് ഭൂസ്വത്തേയുള്ളൂ. മാത്രമല്ല ഞങ്ങളുടെ വീടിന്റെ മുന്നിൽ നിർഭാഗ്യവശാൽ കായലിലായിപ്പോയി.” കായലിന്റെ തീരത്ത് വീട് ആയിപ്പോയി എന്നതുകൊണ്ടുമാത്രം നിരന്തരമായി പിന്തുടരുന്ന ഒരു ടൂറിസ്റ്റ് നോട്ടത്തിന്റെ ഉള്ളിൽ ദൈനംദിന കൃത്യങ്ങൾ നിർവ്വഹിക്കേണ്ടി വന്ന വേദനയും രോഷവും സ്റ്റെല്ലയിൽ പ്രതിഫലിച്ചു.

ആലപ്പുഴയിലെ ജനജീവിതത്തെ ബാധിക്കുന്ന ഒന്നായി ഈ ‘ടൂറിസ്റ്റ് സ്ഫോടന’ത്തെ കണക്കിലെടുക്കേണ്ടതുണ്ട്. വിദേശ ടൂറിസ്റ്റുകൾ യഥാവിധി വസ്ത്രധാരണം ചെയ്യുന്നില്ലെന്ന ആരോപണവും അവർ ഉയർത്തുന്നു. ബാലചന്ദ്രൻ എന്ന ടൂറിസ്റ്റ് ഓപ്പറേറ്റർ പറയുന്നു. “വിദേശ ടൂറിസ്റ്റുകളിൽ ചിലർ അല്പവസ്ത്രധാരികളാണ് എന്നതു ശരി തന്നെ. ശരിയാണ്. അവർ സൂര്യസ്നാനം നടത്തുകയാണ്. പക്ഷെ, അതോടൊപ്പം തന്നെ, നാട്ടുകാരുടെ സാംസ്കാരികോന്മുഖതകളും മാനിക്കപ്പെടേണ്ടതുണ്ട്”. നിരവധി നാട്ടുകാർ ഇതിനോട് അനുകൂലിക്കുന്നു. ” അവർ ഏതെങ്കിലും വസ്ത്രധാരണ രീതി കർക്കശമായി പിന്തുടരണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ, ഒരു ചെറിയ തോടിലൂടെ തുഴയുമ്പോൾ, അവർ

യഥാർത്ഥത്തിൽ കടന്നുപോകുന്നത് നിരവധിയാളുകളുടെ മുറ്റത്തുകൂടിയാണ്. ആകസ്മികമായി അവരുടെ വീടിന്റെ മുൻഭാഗം തോടായിമാറി എന്നുമാത്രം.

ഗോവയും കോവളവും പോലുള്ള ഇടമായി ആലപ്പുഴയും മാറിക്കൊണ്ടിരിക്കുന്നു എന്ന ആശങ്ക പൊതുവേ പങ്കുവെയ്ക്കപ്പെടുന്നു. "ഞങ്ങൾ അഭിമാനികളായി ഭാവിക്കുന്നതല്ല" ഒരു സ്കൂൾ മാഷായ ഗോപിനാഥൻ പറയുന്നു. "പക്ഷെ, തുറിച്ചുനോക്കപ്പെടുന്ന ഒരു കാഴ്ചയായി മാറാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല". പക്ഷെ, അസാധാരണമായ കാഴ്ചകൾ കാണുമ്പോൾ, ഒന്നുകൂടി എത്തിച്ചുനോക്കുക എന്നത് സാധാരണമാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

രാജു, ഒരു ഹൗസ് ബോട്ട് ഡ്രൈവർ, ഈ സന്ദർഭത്തെ മറ്റൊരു രീതിയിൽ വിലയിരുത്തുന്നു. " വസ്ത്രം ആവശ്യത്തിന് വലിച്ചിടാൻ അവരോട് പറയുന്നതിന് എനിക്കൊരു മടിയുമില്ല. അവർ വരുന്നു. പോകുന്നു. എനിക്കിവിടെ ഏറെക്കാലം ജീവിക്കേണ്ടതാണ്. അതിനാൽ അവർ അതിനുവിസമ്മതിച്ചാൽ ഞാൻ കനാലിലൂടെയുള്ള സഞ്ചാരം ഒഴിവാക്കുന്നു. പക്ഷെ, കായലിന്റെ നടുക്കിലേക്കുപോയി അവിടെ നങ്കൂരമിടും." അതുവഴി നാട്ടുകാരുടെ വൈകാരികതയെ മുറിപ്പെടുത്താതിരിക്കാൻ ബുദ്ധിയുള്ള ആ ഡ്രൈവർ മുൻകരുതൽ എടുക്കുന്നു.

അതെ. സന്ദർശകരുടെ ഭാഗത്തുനിന്നും ചിന്തിക്കുമ്പോൾ ഇത് 'അഭിമാനക്കൂടുത'ലിന്റെ വിഷയം തന്നെ.

*കപ്പ്, സി.കെ. ലെയിൻ,*
*എസ്.ആർ.എം. റോഡ്, കൊച്ചി-18*

**ശബരിമലയിലും ഗുരുവായൂരിലും തീർത്ഥാടക ടൂറിസം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പണാധിപത്യവും രാഷ്ട്രീയ വിധേയത്വവും കൊണ്ട് കേരള സമൂഹത്തെ ഒന്നടങ്കം ബാധിക്കുന്നതരത്തിലേക്ക് എത്തിയിരിക്കുന്നു.**

# സാമൂഹിക വിപത്താകുന്ന തീർത്ഥാടന ടൂറിസം

**കേരളീയം വാർത്താശൃംഖല**

കേരളത്തിലെമ്പാടും ടൂറിസം അനുബന്ധ പ്രവർത്തനങ്ങൾ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും തടയാൻ കഴിയാത്തവിധം ഭരണാധികാരികളുടെ കൈവിട്ടുപോകുന്ന അപകടകരമായ നിരവധി മാനങ്ങളുള്ള വിനാശ പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാനം തീർത്ഥാടന ടൂറിസമാണ്. പ്രത്യേകിച്ച് ശബരിമലയും ഗുരുവായൂരും കേരളത്തിന് താങ്ങാനാകാത്ത രീതിയിൽ തീർത്ഥാടക പ്രവാഹം കൊണ്ട് വീർപ്പുമുട്ടുകയാണ്.

മലയാളികളേക്കാളേറെ അന്യദേശത്ത് നിന്നുള്ള തീർത്ഥാടകരാണ് ഈ ക്ഷേത്രങ്ങളിലെ പ്രധാന സന്ദർശകർ. ശബരിമലയിൽ അതിന്റെ എണ്ണം കണക്കുകൂട്ടാൻ കഴിയുന്നതിനപ്പുറമാണ്. കോടികൾ കയ്യിൽ വന്ന് മറിയുന്നതോടെ തീർത്ഥാടക പ്രവാഹം സൃഷ്ടിക്കുന്ന പ്രശ്നങ്ങളൊന്നും കണ്ടില്ലെന്നു നടിക്കുകയാണ് ദേവസ്വം ബോർഡും സർക്കാരും. ജൈവപ്രാധാന്യമുള്ള അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ശബരിമല മേഖലയിലെ വനപ്രദേശമെല്ലാം ഇന്ന് പൂർണ്ണമായും നശിച്ചു. ശബരിമലയിൽ ഉയർന്നുവരുന്ന ടൗൺഷിപ്പ് പ്രത്യക്ഷമായും പരോക്ഷമായും വന്യസമ്പത്തിന് നിരവധി നാശങ്ങളുണ്ടാക്കുന്നു. പെരിയാർ വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ വരുന്ന ഈ പ്രദേശം ജനബാഹുല്യം കൊണ്ട് വെളിമ്പ്രദേശമായി മാറിക്കൊണ്ടിരിക്കുകയാണ്. ശബരിമല സീസണിൽ എത്തുന്ന ഭക്തജനങ്ങൾ പമ്പയിൽ നിന്നുള്ള പരമ്പരാഗത വഴിയേക്കാൾ ഇപ്പോൾ ആശ്രയിക്കുന്നത് കാനനപാതകളെയാണ്. കാടിനുള്ളിലൂടെ പല പുതിയ സഞ്ചാരവഴികളും വർഷംതോറും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

അതിലേറെ വലിയ പ്രശ്നം തീർത്ഥാടകർ സൃഷ്ടിക്കുന്ന മാലിന്യങ്ങളാണ്. പമ്പാനദി ശുദ്ധീകരിക്കാനാകാത്തവിധം പൂർണ്ണമായും മലിനമായിക്കഴിഞ്ഞു. ഇതുകൂടാതെ ശബരിമലയിലേക്കുള്ള യാത്രയ്ക്കിടയിലെല്ലാം ഇവർ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ കാരണം കേരളജനത ഒന്നടങ്കം പ്രശ്നങ്ങളനുഭവിക്കുകയാണ്.

ശബരിമലയിലേക്കുള്ള തീർത്ഥാടകരുടെ സൗകര്യത്തിനായി ഫാസ്റ്റ്ട്രാക്ക് സംവിധാനത്തിൽ സർക്കാർ നിർമ്മിക്കാനൊരുങ്ങുന്ന ശബരി റെയിൽപാത ആശങ്കകളുടെ എരിതീയിലേക്ക് എണ്ണയൊഴിച്ചുകൊണ്ടാണ് കടന്നുവരുന്നത്. ഗുരുവായൂരിൽ സ്ഥിതി ഇതിലേറെ ഗുരുതരമാണ്. ശബരിമലയിൽ എത്തുന്നതുപോലെയുള്ള ഭക്തജനത്തിരക്കില്ലെങ്കിലും പ്രദേശത്തിന് താങ്ങാനാകാത്ത രീതിയിൽ ടൗൺഷിപ്പ് രൂപപ്പെട്ടുവരുകയാണ് ഗുരുവായൂരിൽ. ലോഡ്ജുകൾ കേന്ദ്രമാക്കിയുള്ള തീർത്ഥാടന ടൂറിസമാണ് ഗുരുവായൂരിൽ നടക്കുന്നത്. നിലനിൽക്കുന്ന നിയമങ്ങളെല്ലാം കാറ്റിൽ പറത്തി പ്രവർത്തിക്കുന്ന ഹോട്ടലുകളും ലോഡ്ജുകളുമാണ് ഗുരുവായൂരിലെ ഇപ്പോഴത്തെ പ്രധാന പ്രശ്നക്കാർ. അടുത്തിടെ വലിയ ജനകീയ പ്രതിഷേധമായി ഉയർന്നുവന്ന ചക്കംകണ്ടം അഴുക്കുചാൽ വിരുദ്ധസമരം ഗുരുവായൂർ സൃഷ്ടിക്കുന്ന മാലിന്യപ്രശ്നങ്ങളുടെ രൂക്ഷതയിലേക്ക് വിരൽചൂണ്ടുന്നതാണ്. സെപ്റ്റിടാങ്കുകൾ നിർമ്മിക്കാതെ പ്രവർത്തിക്കുന്ന ഹോട്ടലുകളും ലോഡ്ജുകളും മലമൂത്രമാലിന്യങ്ങൾ നേരെ കാനകളിലേക്കാണ് തള്ളുന്നത്. ഇത് വലിയ തോട് വഴി ഒഴുകി ഗുരുവായൂർ നഗരത്തിനടുത്തുള്ള ചക്കംകണ്ടം കായലിലേക്കെത്തുന്നു.

കായൽ മലിനമായതിനെത്തുടർന്ന് മത്സ്യബന്ധനവും, കയർ വ്യവസായവുമായി ബന്ധപ്പെട്ട് ജീവിച്ചിരുന്ന നിരവധിയാളുകൾക്ക് തൊഴിൽ നഷ്ടമായി. ഗുരുവായൂരിലെത്തുന്ന ഭക്തജനങ്ങളുടെ മലമൂത്ര വിസർജ്ജ്യങ്ങൾ പേറേണ്ടിവന്ന ഈ ഗ്രാമീണ ജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരമായി ചക്കംകണ്ടത്ത് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാനാണ് അധികൃതർ ശ്രമം നടത്തുന്നത്. ഗുരുവായൂരിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിലും ലോഡ്ജുകളിലും സെപ്റ്റിടാങ്കുകളും മാലിന്യസംസ്കരണ സംവിധാനങ്ങളും നിർബന്ധമാക്കുകയും നിയമം കർശനമായി പാലിക്കാത്ത ഹോട്ടലുകളുടെ ലൈസൻസ് റദ്ദുചെയ്യുകയും ചെയ്താൽ ഗുരുവായൂർ നഗരസഭാ അധികൃതർക്ക് വളരെ വേഗത്തിൽ പരിഹരിക്കാവുന്ന പ്രശ്നമാണ് മാലിന്യനിർമ്മാർജ്ജന പ്ലാന്റ് കോടികൾ ചിലവഴിച്ച് നിർമ്മിച്ചുകൊണ്ട് പരിഹരിക്കാൻ പോകുന്നത്. പ്രശ്നം പരിഹരിക്കുന്നതിന് വിഘാതമായി നിൽക്കുന്നത് നഗരസഭ ഭരിക്കുന്നവരുടെ രാഷ്ട്രീയ കാപട്യവും ഹോട്ടൽ/മാനേജ്മെന്റ് ലോബികളോടുള്ള വിധേയത്വവുമാണ്.

ശബരിമലയിലും ഗുരുവായൂരിലും തീർത്ഥാടക ടൂറിസം വഴി ഒഴുകിയെത്തുന്ന പണത്തിന്റെ ആധിക്യംകൊണ്ട് പ്രാദേശിക ജനതയെയും കേരള സമൂഹത്തെയും ഒന്നടങ്കം സാമൂഹിക/ആരോഗ്യ പ്രശ്നങ്ങളിലേക്ക് തള്ളിവിടുകയാണ് അധികൃതർ.

*പി.ബി. 100, തൃശൂർ-1*